# മലയാളം രണ്ടാം പേപ്പറിൽ മുന്നിലെത്താൻ



**2010**
**എസ്എസ്എൽസി മലയാളം പേപ്പർ-2**



**കെ വി മോഹനൻ**
ജിജിഎച്ച്എസ്എസ്
മഞ്ചേരി

**ആകെ 40 സ്കോറാണുള്ളത്. ഒന്നരമണിക്കൂർ (90 മിനിറ്റ്) സമയമാണ് ഈ പരീക്ഷയ്ക്ക് അനുവദിച്ചിട്ടുള്ളത്. അതോടൊപ്പം 15 മിനിറ്റ് സമാശ്വാസസമയമായി (കൂൾ ഓഫ് ടൈം) ലഭിക്കും. ഈ സമയത്ത് ചോദ്യങ്ങൾ ശരിയായി വായിച്ചുമനസ്സിലാക്കുകയും ഉത്തരമെഴുതേണ്ട മുൻഗണനാക്രമം നിശ്ചയിക്കുകയും വേണം.**



(കഴിഞ്ഞലക്കം തുടർച്ച)

**മൂല്യനിർണയ സൂചകങ്ങൾ**

- കഥാപാത്രത്തിന്റെ പ്രത്യേകതകൾ, പ്രവൃത്തികൾ ഇവ തിരിച്ചറിഞ്ഞിട്ടുണ്ട്.
- കഥാപാത്രത്തിന്റെ പ്രവൃത്തികൾ വിശകലനംചെയ്ത് അദ്ദേഹത്തിന്റെ അധ്വാനം സംബന്ധിച്ച നിലപാടുകൾ രൂപീകരിച്ചിട്ടുണ്ട്.
- അനുയോജ്യമായ ഉദാഹരണങ്ങളോടെ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്.
- നല്ല ഭാഷയിൽ എഴുതി പ്രകടിപ്പിച്ചിട്ടുണ്ട്.

**4. താരതമ്യക്കുറിപ്പ്**

ശ്രദ്ധയോടെ ഉത്തരമെഴുതിയാൽ മുഴുവൻ സ്കോറും നേടാവുന്ന ചോദ്യമാണിത്. കുട്ടികൾ മിക്കപ്പോഴും താരതമ്യംചെയ്യാനുള്ള സംഭവങ്ങൾ, കഥാപാത്രങ്ങൾ ഇവയുടെ ആശയംമാത്രം എഴുതിവയ്ക്കുകയാണ് ചെയ്യുന്നത്. സന്ദർഭങ്ങളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്താനും സ്വന്തം അഭിപ്രായം രേഖപ്പെടുത്താനും മറന്നുപോകുന്നു.

**വിവിധ സാധ്യതകൾ**

- രണ്ടു കഥാപാത്രങ്ങളുടെ പ്രത്യേകതകൾ നൽകി താരതമ്യംചെയ്യൽ
- നോവലിലെ വിവിധ സന്ദർഭങ്ങൾ/സംഭാഷണങ്ങൾ ഇവ താരതമ്യംചെയ്യൽ.
- പത്രവാർത്തകൾ, പ്രസ്താവനകൾ, മറ്റു സന്ദർഭങ്ങൾ ഇവ നൽകി നോവലിലെ സന്ദർഭങ്ങൾ, കഥാപാത്രങ്ങളുടെ സ്വഭാവം ഇവയുമായി താരതമ്യംചെയ്യൽ.

**മൂല്യനിർണയ സൂചകങ്ങൾ**

- തന്നിരിക്കുന്ന കഥാപാത്രങ്ങളുടെ/സന്ദർഭങ്ങളുടെ/സംഭാഷണങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- അവ വിശകലനംചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ഇവയെക്കുറിച്ചുള്ള സ്വന്തം നിലപാടുകൾ രൂപീകരിച്ചിട്ടുണ്ട്.
- നല്ല ഭാഷയിൽ എഴുതി പ്രകടിപ്പിച്ചിട്ടുണ്ട്.

**5. ലഘുലേഖ**

സാമൂഹികപ്രാധാന്യമുള്ള പ്രശ്നങ്ങൾ, അവയുടെ കാരണങ്ങൾ, പരിഹാരമാർഗങ്ങൾ ഇവയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഏറ്റവും ശക്തമായ ഉപാധിയാണ് ലഘുലേഖ. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, മയക്കുമരുന്നുകളുടെ ഉപയോഗം, റോഡപകടങ്ങൾ, പകർച്ചവ്യാധികൾ, ജലക്ഷാമം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയപ്രചാരണത്തിനായി ലഘുലേഖകൾ തയ്യാറാക്കാൻ നിർദേശിക്കാം.

മിക്ക കുട്ടികളും ഉപന്യാസം തയ്യാറാക്കുന്നതുപോലെയാണ് ലഘുലേഖ തയ്യാറാക്കുന്നത്. ഉപന്യാസത്തിൽനിന്നു വ്യത്യസ്തമായ രീതിയിലാണ് ലഘുലേഖ തയ്യാറാക്കേണ്ടത്. ലഘുലേഖയുടെ സവിശേഷതകൾ താഴെ തന്നിരിക്കുന്നു.

- പേജ് 1 മുഖപേജായി നൽകാം. വിഷയം തയ്യാറാക്കുന്ന സംഘടന ഇവയൊക്കെ ഇതിൽ നൽകാം.

> ദാഹജലം
> ജീവജലം
>
> ഹെൽത്ത് ക്ലബ്
> ഗവ. ഹൈസ്കൂൾ...

- പേജ് 2: ഇതിൽ ആമുഖമാണ് നൽകേണ്ടത്. തെരഞ്ഞെടുത്ത വിഷയം, തെരഞ്ഞെടുക്കാനുണ്ടായ കാരണം, പ്രത്യേകതകൾ ഇവയൊക്കെ ആമുഖത്തിൽ ഉൾപ്പെടുത്തണം.
- തുടർന്നുള്ള രണ്ടോ മൂന്നോ പേജുകൾ വിഷയത്തിന്റെ വിശകലനം, സമൂഹത്തിൽ ഈ വിഷയത്തിന്റെ സ്വാധീനം, പ്രശ്നത്തിന്റെ വ്യാപ്തി, അതിന്റെ കാരണങ്ങൾ, അവ സമൂഹത്തിലുണ്ടാക്കുന്ന പ്രതിഫലനങ്ങൾ മുതലായവ രേഖപ്പെടുത്താനായി ഉപയോഗിക്കാം.
- തുടർന്നുവരുന്ന രണ്ടോ മൂന്നോ പേജുകൾ പ്രശ്നം പരിഹരിക്കാനുള്ള മാർഗങ്ങൾ, അതിനായി തയ്യാറാക്കിയിരിക്കുന്ന പ്രവർത്തനപദ്ധതി, ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ ഇവയ്ക്കായി പ്രയോജനപ്പെടുത്താം.
- തുടർന്ന് ഉപസംഹാരം.

**ശ്രദ്ധിക്കേണ്ടത്**

പ്രശ്നത്തിന്റെ തീവ്രത, അതിന്റെ കാരണങ്ങൾ, പരിഹാരമാർഗങ്ങൾ, ഓരോരുത്തരുടെയും ചുമതല ഇവ വായനക്കാരനു ബോധ്യമാകുന്ന തരത്തിലാകണം ലഘുലേഖയുടെ പേജുകൾ ക്രമീകരിക്കേണ്ടത്. വിശദീകരണത്തിനുപകരം ചില ഘടകങ്ങൾ സൂചനകളായും നൽകാം. ഓരോ ഭാഗത്തിനും ചെറിയ തലക്കെട്ടുകൾ നൽകുന്നത് നന്നായിരിക്കും.

**മൂല്യനിർണയ സൂചകങ്ങൾ**

- പ്രശ്നത്തിന്റെ വിവിധ വശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- പ്രശ്നം വിശകലനംചെയ്ത് അതിന്റെ കാരണങ്ങൾ, പരിഹാരരീതികൾ ഇവ തിരിച്ചറിഞ്ഞിട്ടുണ്ട്.
- കണ്ടെത്തലുകൾ ക്രമമായി, ലഘുലേഖയുടെ ഘടന പാലിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.
- അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

**6. അഭിനന്ദനസന്ദേശം**

ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വ്യക്തികൾ, സംഘടനകൾ തുടങ്ങിയവരെ അഭിനന്ദിച്ചുകൊണ്ടുള്ള സന്ദേശമാണിത്.

- സംബോധന
- പ്രധാനപ്പെട്ട നേട്ടങ്ങളെക്കുറിച്ചുള്ള സൂചനകൾ
- നേട്ടങ്ങളിൽ അഭിനന്ദനം
- കൂടുതൽ നേടാൻ ആശീർവദിക്കൽ
- ഉപസംഹാരം

തുടങ്ങിയ ഘടകങ്ങൾ ഉണ്ടായിരിക്കണം. സ്കോറിനനുസരിച്ചാണ് ഉത്തരമെഴുതേണ്ടത്. 4 സ്കോർ ആണെങ്കിൽ കത്തിന്റെ രൂപത്തിൽ വിശദമായി തയ്യാറാക്കാം. 2 സ്കോറുള്ളതാണെങ്കിൽ മൂന്നോ നാലോ വാക്യങ്ങൾ വരുന്ന സന്ദേശം മതി.

ഉദാ: കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ശ്രീ. യു എ ഖാദറിനെ അഭിനന്ദിച്ചുകൊണ്ടുള്ള സന്ദേശം തയ്യാറാക്കുക.

**7 ഡയറിക്കുറിപ്പ്**

നോവലിലെ കഥാപാത്രങ്ങളുടെ അനുഭവങ്ങൾ/അവസ്ഥകൾ ഇവയുടെ അടിസ്ഥാനത്തിൽ സംഭവം നടന്ന ദിവസത്തെ കഥാപാത്രത്തിന്റെ ഡയറി തയ്യാറാക്കൽ. അല്ലെങ്കിൽ ഓരോരുത്തരുടെയും അനുഭവവുമായി ബന്ധപ്പെട്ട് ഡയറി തയ്യാറാക്കൽ. ഇങ്ങനെ വ്യത്യസ്ത രീതിയിൽ ഡയറിക്കുറിപ്പ് തയ്യാറാക്കാൻ നിർദേശിക്കാറുണ്ട്.

- അനുഭവം/സംഭവത്തിന്റെ ശക്തമായ ആവിഷ്കരണം.
- സ്വാനുഭവങ്ങളുടെ കരുത്തുള്ള ഭാഷ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കണം.

**മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭത്തിന്റെ/അനുഭവത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- അനുഭവങ്ങൾ വിശകലനംചെയ്ത് കഥാപാത്രത്തിന്റെ മാനസികാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആത്മകഥയുടെ ഭാഷ സ്വീകരിച്ചിട്ടുണ്ട്.

ഉദാ: നെയ്മോഷണത്തിനു പിടിക്കപ്പെട്ട ദിവസത്തെ അബ്ദുൽഖാദറിന്റെ ഡയറി.

നിങ്ങളെ സന്തോഷിപ്പിച്ച/ദുഃഖിപ്പിച്ച സംഭവം നടന്ന ദിവസത്തെ ഡയറി.

**8. പോസ്റ്റർ, ക്ഷണക്കത്ത്, നോട്ടീസ്**

ആശയപ്രചാരണത്തിന്റെ വിവിധ മാർഗങ്ങളാണ് പോസ്റ്റർ, നോട്ടീസ്, ക്ഷണക്കത്ത് മുതലായവ. ഒരേ ലക്ഷ്യത്തോടുകൂടിയുള്ളതാണെങ്കിലും രൂപത്തിലും ഭാവത്തിലും ഇവ തമ്മിൽ വ്യത്യാസമുണ്ട്.

പോസ്റ്റർ

-നടക്കുന്ന ചടങ്ങ്, സ്ഥലം, തീയതി, പങ്കെടുക്കുന്ന പ്രമുഖവ്യക്തികൾ ഇവയൊക്കെ വ്യക്തമാക്കണം.

-കാഴ്ചക്കാരുടെ ശ്രദ്ധനേടുംവിധം രൂപകൽപ്പനചെയ്യണം.

-പ്രാധാന്യമനുസരിച്ച് വലുതാക്കി നൽകേണ്ടത്, ചെറുതാക്കി നൽകേണ്ടത് എന്നിവ കണ്ടെത്തണം.

> .... ഹൈസ്കൂൾ
> കലോത്സവ വിജയികൾക്ക്
> **അനുമോദനം**
> 20-01-10 2 പിഎം
> സ്കൂൾ ഓഡിറ്റോറിയത്തിൽ
> മുഖ്യാതിഥി
> ശ്രീ. കെ ടി നാരായണൻ (പഞ്ചായത്ത് പ്രസിഡന്റ്)
> ഏവർക്കും സ്വാഗതം

ഇതേ പോസ്റ്ററിലെ ആശയങ്ങൾ നോട്ടീസാക്കി മാറ്റുമ്പോൾ വരുന്ന മാറ്റം ശ്രദ്ധിക്കൂ...

> .... ഹൈസ്കൂൾ
> കലോത്സവ വിജയികൾക്ക് അനുമോദനം
>
> മാന്യരേ,
> പഠനരംഗത്തെ മികവിനോടൊപ്പം കലാസാഹിത്യമത്സരങ്ങളിലും നമ്മുടെ വിദ്യാലയം മുൻപന്തിയിലാണ്. നിരവധി വർഷങ്ങളായി നമ്മൾ നേടിക്കൊണ്ടിരിക്കുന്ന മികവ് ഈ വർഷവും നിലനിർത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. സ്കൂളിന് അഭിമാനം നേടിത്തന്ന ഈ പ്രതിഭകളെ സമുചിതമായി ആദരിക്കാൻ അധ്യാപക രക്ഷാകർതൃസമിതി തീരുമാനിച്ചിരിക്കുന്നു. 2010 ജനുവരി 20ന് ഉച്ചയ്ക്ക് 2.30ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന അനുമോദനയോഗത്തിൽ ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ ടി നാരായണൻ പ്രതിഭകളെ അനുമോദിക്കും. തുടർന്ന് ജില്ലാതലത്തിൽ സമ്മാനാർഹമായ ഇനങ്ങൾ കുട്ടികൾ അവതരിപ്പിക്കും. അനുമോദനയോഗത്തിലേക്ക് താങ്കളെ സ്നേഹപൂർവം ക്ഷണിക്കുന്നു.
> ഹെഡ്മാസ്റ്റർ — എന്ന്
> സെക്രട്ടറി — പിടിഎ പ്രസിഡന്റ്

**ക്ഷണക്കത്ത്**

മുമ്പു നൽകിയ നോട്ടീസ്തന്നെ ക്ഷണക്കത്താക്കി മാറ്റാം.

പേജ്1. (പൊതുവിവരം)
-നടക്കുന്ന ചടങ്ങ്
-സ്ഥലം,
-നടക്കുന്ന ദിവസം, സമയം
-മുഖ്യാതിഥി
തുടങ്ങിയവ ചേർക്കണം.

പേജ്2: **ക്ഷണക്കത്ത്**

ചടങ്ങിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ആളുകളെ ക്ഷണിക്കുന്ന കത്താണ് ഇവിടെ ചേർക്കേണ്ടത്.

പേജ് 3. **കാര്യപരിപാടികൾ**
-പ്രാർഥന
-സ്വാഗതം
-അധ്യക്ഷൻ
-അനുമോദനം
-ആശംസകൾ
-നന്ദിപ്രകടനം
-ദേശീയഗാനം

തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തണം.

ഒരേ ആവശ്യത്തിനുവേണ്ടി തയ്യാറാക്കിയ നോട്ടീസ്, പോസ്റ്റർ, ക്ഷണക്കത്ത് ഇവ ശ്രദ്ധിച്ചല്ലോ. ഇവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തൊക്കെ? കണ്ടെത്തൂ. ചർച്ചചെയ്യൂ.

**9. നിവേദനം**

ചോദ്യപേപ്പറുകളിൽ 6 സ്കോർ അനുവദിക്കുന്ന ചോദ്യമാണിത്. നിവേദനത്തിന്റെ ഘടന, രീതി എന്നിവയിൽ മിക്ക കുട്ടികളും പ്രയാസം നേരിടുന്നതായി പറയാറുണ്ട്.

**നിവേദനം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്**

- ഏതെങ്കിലും ഒരു പൊതുആവശ്യത്തെ മുൻനിർത്തിയാവണം നിവേദനം തയ്യാറാക്കേണ്ടത്.
- ആരാണ് നിവേദനം തയ്യാറാക്കുന്നത്?
- ആർക്കാണ് നൽകുന്നത്.
- പ്രശ്നം/വിഷയം ഏതാണ്?
- വിഷയത്തിന്റെ/പ്രശ്നത്തിന്റെ വിവിധ വശങ്ങൾ എന്തൊക്കെ?
- പ്രശ്നപരിഹാരസാധ്യതകൾ എന്തൊക്കെ?
- ഉപസംഹാരം വേണം (വിഷയത്തിന്റെ ഗുരുതരാവസ്ഥയിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടോ, അനുയോജ്യമായ തീരുമാനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ടോ ആവണം)
- നിവേദനം നൽകുന്നവരുടെ പേരും ഒപ്പും വേണം. പരീക്ഷയ്ക്ക് ഉത്തരമെഴുതുമ്പോൾ പേര്, ഒപ്പ് എന്നിങ്ങനെ എഴുതിയാൽമതി.

യാത്രാക്ലേശവുമായി ബന്ധപ്പെട്ട ഒരു നിവേദനം എങ്ങനെയാണ് തയ്യാറാക്കുന്നതെന്നു നോക്കാം. രണ്ടു തരത്തിൽ നിവേദനം തയ്യാറാക്കാറുണ്ട്.

**രീതി. 1**

പ്രേഷകൻ
...........
...........
..........

സ്വീകർത്താവ്
.........
.........
.........

സർ,
വിഷയം: ..... പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാദുരിതങ്ങൾ
സൂചന: ......
.............. വിഷയത്തിന്റെ വിശദാംശം (യാത്രക്കാരുടെ എണ്ണം, റോഡ്, വാഹനങ്ങൾ ഇവയുടെ കുറവ്, ദുരിതങ്ങൾ.... മുമ്പു നടത്തിയ ശ്രമങ്ങൾ.... അഭ്യർഥന.....)

സ്ഥലം — പേര്
തീയതി — ഒപ്പ്

| നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ......... | ...... |
| 2 | ......... | ....... |

**രീതി. 2.**

ബഹുമാനപ്പെട്ട ....... മുമ്പാകെ യാത്രാദുരിതവുമായി ബന്ധപ്പെട്ട് .... നിവാസികൾ സമർപ്പിക്കുന്ന നിവേദനം

സർ,
...................................... പ്രശ്നത്തിന്റെ വിശദാംശം (യാത്രയുടെ ആവശ്യകത, യാത്രക്കാരുടെ എണ്ണം, വൈവിധ്യം, നിലവിലുള്ള സൗകര്യങ്ങൾ,പരിമിതികൾ, അനുഭവിക്കുന്ന ദുരിതങ്ങൾ, പരിഹാരമാർഗങ്ങൾ, അഭ്യർഥന.....

സ്ഥലം — പേര്.....
തീയതി — ഒപ്പ്.....

| നമ്പർ | പേര് | ഒപ്പ് |
|---|---|---|
| 1 | ....... | ......... |
| 2 | ....... | ......... |

(മലയാളത്തിൽ രണ്ടാമതു നിർദേശിച്ച രീതിയാണ് കൂടുതൽ പ്രയോജനപ്പെടുത്തുന്നത്)

**പുറന്താൾകുറിപ്പ്**

പുസ്തകത്തിന്റെ ഉള്ളടക്കം, രചനാശൈലി ഇവയൊക്കെ വായനക്കാരന് ഒറ്റനോട്ടത്തിൽ കിട്ടത്തക്കവണ്ണം പുസ്തകത്തിന്റെ പുറംകവറിൽ രേഖപ്പെടുത്തുന്നതാണ് പുറന്താൾകുറിപ്പ്. ഉൾപ്പെടുത്തേണ്ടത് ഇവയാണ്:

- കഥാകൃത്ത്/അദ്ദേഹത്തിന്റെ രചനാശൈലി ഇവയെക്കുറിച്ച് രണ്ടോ മൂന്നോ വാക്യങ്ങൾ.
- പുസ്തകത്തിലെ പ്രതിപാദ്യം രണ്ടോ മൂന്നോ വാക്യങ്ങളിൽ
- പ്രതിപാദ്യത്തിന്റെ മറ്റു പ്രത്യേകതകൾ, അവ വായനക്കാരനു നൽകുന്ന അനുഭൂതി തുടങ്ങിയവ രണ്ടോ മൂന്നോ വാക്യങ്ങളിൽ.

ചുരുക്കത്തിൽ ഏഴോ എട്ടോ വാക്യങ്ങൾകൊണ്ട് വായനക്കാരന് പുസ്തകത്തെക്കുറിച്ച് ധാരണ കിട്ടത്തക്കവിധത്തിൽ അവതരിപ്പിക്കുന്നതാണ് പുറന്താൾകുറിപ്പ്.

വിശകലനം വായിച്ചല്ലോ. ഇനി തന്നിരിക്കുന്ന ചോദ്യപേപ്പറിനനുസരിച്ച് ഉത്തരമെഴുതൂ.

**മാതൃകാ ചോദ്യപേപ്പർ**
**മലയാളം 11**

പത്താംതരം — സമയം: $1\frac{1}{2}$ മണിക്കൂർ
സ്കോർ: 40

> പൊതുനിർദേശങ്ങൾ
> - ആകെ 8 ചോദ്യങ്ങൾ തന്നിരിക്കുന്നു
> - എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
> - ഉത്തരമെഴുതുമ്പോൾ സമയം, സ്കോർ ഇവ പരിഗണിക്കണം

**1. പഴഞ്ചൊല്ല് വ്യാഖ്യാനിക്കുക (4)**

''അലയൊഴിഞ്ഞ് കടലിൽ കുളിക്കാനൊക്കുകയില്ല''

ഈ പഴഞ്ചൊല്ലിന്റെ ആശയമെന്ത്? ഈ ആശയവുമായി പൊരുത്തപ്പെടുത്താവുന്ന 'പാത്തുമ്മയുടെ 'ആടി'ലെ കഥാപാത്രമാര്? എന്തുകൊണ്ട്?

**2. താരതമ്യക്കുറിപ്പ് തയ്യാറാക്കുക (6)**

''എടാ അബൂ, നീ അടങ്ങിയൊതുങ്ങി ജീവിച്ചാ മതി!''
''ഇഞ്ഞി ഇനിക്കു വല്യ ഇയ്ക്കാക്ക രൂപയായിട്ടൊന്നും തരണ്ട. ഖദീജായ്ക്കു രണ്ടുകമ്മല് പണിച്ചു കൊടുത്താമതി.''
''അവർക്ക് കണ്ണീച്ചോരേണ്ടോ! അവർട കൊച്ച്ങ്ങളെ പിടിച്ചുകെട്ടിടുവോ?
''വല്യ കൊറച്ചിലായിപ്പോയി.''
''വെളുപ്പിനേ നാലുമണിക്ക് എണീക്കും. എന്നിട്ടു തോടുകളിൽ
കുതിർക്കാൻ ഇട്ടിരിക്കുന്ന തെങ്ങോല വലിച്ചുകൊണ്ടുവന്നു മെടയും.
''ആരും അറിയാതെ ഇപ്പ എനിക്കു പത്തുരൂപാ നീ താ...
''മതിയെടീ, മതി. നിന്റെ നാത്തൂന്മാരും നിന്റെ ഉമ്മായും നിന്റെ
അനുശത്തീം എല്ലാരും കോടയാ കറന്നത്.''

പാത്തുമ്മ, ഉമ്മ എന്നീ കഥാപാത്രങ്ങളെക്കുറിച്ചുള്ള ചില സൂചനകളാണ് തന്നിരിക്കുന്നത്. അവയും അനുയോജ്യമായ മറ്റു സൂചനകളും പ്രയോജനപ്പെടുത്തി ഈ കഥാപാത്രങ്ങളെ താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**3. എഡിറിങ്** (2)

താഴെ തന്നിരിക്കുന്ന ഖണ്ഡിക ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മെച്ചപ്പെടുത്തുക.

''നമ്മുടെ പ്രദേശവുംമായി ബന്ധപ്പെട്ട ലഭിക്കുന്ന കളിമണ്ണ്, ചെളി ഉപയോഗിച്ച് വിവിധതരം ശിൽപ്പങ്ങളുടെ നിർമാണം. ഇവ കേടുകൂടാതെ എങ്ങനെ സംരക്ഷിക്കുംമെന്ന് ഗവേഷണപ്രവർത്തനവും കണ്ടെത്തലും. ഇവ കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളാണ്.

**4. യാത്രാവിവരണം തയ്യാറാക്കുക.**

ബാലിയിലെ മറ്റു സുന്ദരദൃശ്യങ്ങൾ മറന്നാലും കുന്നിൻപള്ളകളിൽ തട്ടുതട്ടായി നിരത്തിയ വെള്ളിത്താലങ്ങളുടെ കാഴ്ച നാം മറക്കുകയില്ല. നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുക്കൊട്ടാരങ്ങളായി മാറുന്നു. പല വിതാനങ്ങളിലായുള്ള നീർപ്പാടങ്ങളിൽനിന്നു നിർഗളിക്കുന്ന തണ്ണീരിന്റെ അനുസ്യൂതമായ ജലതരംഗസംഗീതം നമ്മുടെ കാതും കരളും കുളിർപ്പിക്കുന്നു.

- ബാലിദ്വീപ് എസ് കെ പൊറ്റെക്കാട്ട്

പൊറ്റെക്കാട്ടിന്റെ യാത്രാവിവരണത്തിന്റെ പ്രത്യേകതകൾ ശ്രദ്ധിച്ചല്ലോ. അവ കൂടി പരിഗണിച്ച് ഒരു യാത്രാവിവരണം തയ്യാറാക്കുക.

**5. ലഘുപ്രബന്ധം തയ്യാറാക്കുക.**




തന്നിരിക്കുന്ന സൂചനകളും അനുയോജ്യമായ കൂടുതൽ സൂചനകളും പ്രയോജനപ്പെടുത്തി 'പാത്തുമ്മയുടെ ആടിൽ തെളിയുന്ന സാമൂഹികജീവിതത്തിന്റെ പ്രത്യേകതകൾ' എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘുപ്രബന്ധം തയ്യാറാക്കുക.

**6. നിവേദനം തയ്യാറാക്കുക (6)**

പൊതുപ്രദേശങ്ങളിൽ അറവുശാലയിലെ മാലിന്യങ്ങൾ തള്ളുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിനു നൽകാനുള്ള നിവേദനം തയ്യാറാക്കുക.

**7. പോസ്റ്റർ നിർമിക്കുക (4)**

വേനൽക്കാല രോഗങ്ങൾ, അവ പടരാതിരിക്കാനുള്ള മാർഗങ്ങൾ ഇവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുതകുന്ന പോസ്റ്റർ തയ്യാറാക്കുക.

ലഘുലേഖ തയ്യാറാക്കുക (8)

> പുതുവത്സരാഘോഷം മലയാളി കുടിച്ചത് 48 കോടി

> മദ്യപിച്ചു വാഹനമോടിച്ചയാൾ അപകടത്തിൽ കൊല്ലപ്പെട്ടു

> മയക്കുമരുന്നുമായി യുവാവ് പിടിയിൽ

> വൻ മയക്കുമരുന്നുവേട്ട

> മദ്യവർജനസമിതി നിരാഹാരം

- കേരളം ലഹരിവസ്തുക്കൾക്ക് അടിമപ്പെടുകയാണോ?
- ലഹരിവസ്തുക്കളുടെ ഉപയോഗം എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്?
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ എങ്ങനെയെല്ലാം പ്രതികരിക്കാം?

തന്നിരിക്കുന്ന പത്രവാർത്തകളുടെ തലക്കെട്ടും ചോദ്യങ്ങളും പരിഗണിച്ച് ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണത്തിനുതകുന്ന ഒരു ലഘുലേഖ തയ്യാറാക്കുക.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയശേഷം അവ തന്നിരിക്കുന്ന മൂല്യനിർണയ സൂചകങ്ങളുമായി തട്ടിച്ചുനോക്കി മെച്ചപ്പെടുത്തുക. 'പാത്തുമ്മയുടെ ആട്' എന്ന നോവൽ വിവിധ കോണുകളിൽനിന്നു വായിക്കുക.

-സാമൂഹിക പശ്ചാത്തലം
-സ്ത്രീകളുടെ പക്ഷത്തുനിന്ന്
-കുട്ടികളുടെ പക്ഷത്തുനിന്ന്

ഇത്തരത്തിലുള്ള വായനയും വിശകലനവും ചർച്ചയുംവഴി കൂടുതൽ മികച്ച നേട്ടം കൈവരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു